# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ * 76 — 09/08/2017-ൽ മറുപടിയ്ക്ക്.

## പാലിന്റെ ആഭ്യന്തര ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ .അബ്ദുൽ ഹമീദ് പി.<br>ഡോ.എം. കെ. മുനീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന് ആവശ്യമായ പാൽ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഏതൊക്കെ സംസ്ഥാനങ്ങളെയാണ് നാം ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് ആവശ്യമുള്ള മുഴുവൻ പാലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. ഏകദേശം 87 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം ആവശ്യമായിട്ടുള്ളത്. സംസ്ഥാനത്ത് ഏകദേശം78 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്നു .<br>പ്രധാനമായും തമിഴ് നാട്ടിൽ നിന്നാണ് കേരളത്തിലേയ്ക്ക് ആവശ്യമായ പാൽ എത്തിക്കൊണ്ടിരിക്കുന്നത്. ലഭ്യത അനുസരിച്ച് കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടു വരാറുണ്ട്. |
| (ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീര വികസന വകുപ്പും, ഭക്ഷ്യ സുരക്ഷാ വകുപ്പും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പാലക്കാട് മീനാക്ഷിപുരത്ത് ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ചെക്ക്പോസ്റ്റും പാൽ പരിശോധനാ ലബോറട്ടറിയും 17/06/2017 മുതൽ പ്രവർത്തിച്ചുവരുന്നു. |

കൂടാതെ ഓണക്കാലത്തേയ്ക്ക് മാത്രമായി പാലക്കാട് ജില്ലയിലെ വാളയാർ, ഇടുക്കി ജില്ലയിലെ കമ്പിളി,കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശാല എന്നിവിടങ്ങളിൽ താല്ക്കാലികമായി ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാൽ പരിശോധന നടത്തിവരുന്നു. തൽഫലമായി കേരളത്തിലേയ്ക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കഴിയുന്നു. ഈ സ്ഥലങ്ങളിലും സ്ഥിരം ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2011-ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഗുണനിലവാരം കുറഞ്ഞ പാലിനെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിക്ഷിപ്തമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിലുള്ള ഉദ്യോഗസ്ഥർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണ ത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട് പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിലും, ഉത്സവ കാലങ്ങളിലും സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ രൂപീകരിച്ചും ചെക്ക്പോസ്റ്റുക ളിൽ ഉൾപ്പെടെ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കി കുറ്റ ക്കാർക്കെതിരെ നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടു ണ്ട് ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങൾ പ്രസ്തുത വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ്

ലാബുകളുടെ സേവനം ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്ത് ഒട്ടാകെ 2016-2017 കാലഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വന്ന പാലിന്റെ 152 സാമ്പിൾ ശേഖരിക്കുകയും പരിശോധനയിൽ ഒരു സാമ്പിൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് മിൽമ സ്വീകരിക്കുന്നത് . മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ് ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്) ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| (സി) | സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) 2018 ഡിസംബർ മാസത്തോടുകൂടി സംസ്ഥാനത്തെ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ |

വിജ്ഞാന വ്യാപന പദ്ധതികൾ
കാലിത്തീറ്റ സബ്സിഡി എന്നീ
പദ്ധതികളും ത്രിതല പഞ്ചായത്തുകൾ വഴി
നടപ്പിലാക്കുന്ന പദ്ധതികളുടെ
നടത്തിപ്പിലൂടെയും സംസ്ഥാനത്തിന്
ആവശ്യമായ പാൽ ഇവിടെത്തന്നെ
ഉല്പാദിപ്പിക്കുന്നതിന് കഴിയും, എന്ന്
പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ